യത്തു തിരഞ്ഞെടുപ്പിനു മുമ്പായിത്തന്നെ പഞ്ചായത്തുകൾ രൂപീകരിക്കണമെന്നാണു് ഗവണ്മെൻറിന്റെ ഉദ്ദേശം. അതിനുവേണ്ട നടപടികൾ എടുത്തു വരികയാണു്.

STARRED QUESTIONS POSTED FOR ANSWER ON 8-3-1956.

റിസർവു വനത്തിൽനിന്നും പച്ചില, ഈറ മുതലായവയുടെ ശേഖരണം.

* 259 [40] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിസർവു വനത്തിൽനിന്നും പച്ചിലവളം, കരിയില തുടങ്ങിയവ ശേഖരിക്കാൻ കൃഷിക്കാർക്കും ഈറ, ചൂരൽ, മുള തുടങ്ങിയവ ശേഖരിക്കാൻ പറമ്പു്, കട്ട മുതലായവയുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന കർഷകത്തൊഴിലാളികൾക്കും പാസ്സു നൽകി വരുന്നുണ്ടോ ;

(ബി) ഏതു വ്യവസ്ഥകളിന്മേലാണു് പാസ്സുകൾ നൽകുന്നതെന്നു പറയുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) റിസർവു വനത്തിൽനിന്നും പച്ചില വളവും കരിയിലയും ശേഖരിക്കുന്നതിനു് കൃഷിക്കാർ ആവശ്യപ്പെട്ടാൽ പാസ്സു് കൊടുക്കാറുണ്ടു്. ഈറ, ചൂരൽ, മുള മുതലായതു് ശേഖരിക്കുന്നതിനു് കർഷകത്തൊഴിലാളികൾക്കും പാസ്സു് കൊടുക്കുന്നുണ്ടു്.

(ബി) മേൽ വിവരിച്ച സാധനങ്ങൾക്കുള്ള സീനിയറേജു വില റേഞ്ചോഫീസ്സിൽ ഒടുക്കി പാസ്സു് വാങ്ങണം. തന്നതാവശ്യത്തിനു് മറ്റു വ്യവസ്ഥകൾ ഒന്നും ഇല്ല. വ്യവസായങ്ങൾക്കും മറ്റും വേണ്ടി കൂടുതൽ ആവശ്യപ്പെട്ടാൽ പാവ്വ്തൃകാരുടെയോ തഹസീൽദാരുടെയോ സർട്ടിഫിക്കേറു് ഹാജരാക്കേണ്ടി വരും.

സിലോണിൽ നിന്നും പിരിച്ചയയ്ക്കുന്ന തിരുവിതാംകൂർ–കൊച്ചിക്കാർ.

* 260. [44] ശ്രീ. തലേക്കര കുഞ്ഞൻ : താഴെപറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) സിലോണിൽനിന്നും നിർബന്ധമായി പിരിച്ചയക്കപ്പെടുന്ന തിരുവിതാംകൂർ–കൊച്ചിക്കാരെ പുനരധിവാസം ചെയ്യുവാൻ എന്തു നടപടിയാണു് ഗവണ്മെൻറു് എടുത്തു വരുന്നതു് ;

(ബി) അവരെ പുനരധിവാസം ചെയ്യുന്ന പ്രശ്നം കേന്ദ്രഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഈ ഗവണ്മെൻറു് വല്ല നടപടിയും എടുത്തിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) സിലോണിൽനിന്നും പിരിച്ചയക്കപ്പെടുന്ന തിരുവിതാംകൂർ–കൊച്ചിക്കാരുടെ പുനരധിവാസക്കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണു്.

(ബി) ഇതേപ്പറ്റി കേന്ദ്രഗവണ്മെൻറുമായി എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly